(ബി) ഇതിനായി എത്ര രൂപ ഇതിനകം ചെലവഴിച്ചു;

(സി) ആശുപത്രിയോടനുബന്ധിച്ചുള്ള കെട്ടിടം പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15 കിടക്കകൾക്കുള്ള പുതിയ വാർഡിന്റെ നിർമ്മാണത്തിനായി നാമമാത്രമായ 100 രൂപയേ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളു.

(ബി) ഈ വർഷം ചെലവുകളൊന്നും നടത്തിയിട്ടില്ല.

(സി) സാമ്പത്തികപരാധീനത കാരണം നടപ്പുവർഷത്തിൽ പുതിയ പണികളൊന്നും തുടങ്ങേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ചു മാത്രമേ കെട്ടിട നിർമ്മാണം തുടങ്ങുവാൻ കഴിയുകയുള്ളു. അതിനാൽ കെട്ടിടം പണി എന്നത്തേയ്ക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ നിർവാഹമില്ല.

പനച്ചിക്കാട് പി. എച്ച്. സെന്ററിനു വേണ്ടിയുള്ള കെട്ടിടം

350 [382] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന്, മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പനച്ചിക്കാട് പി. എച്ച്. സെന്ററിനുവേണ്ടിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ;

ഉത്തരം

പനച്ചിക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം, മുൻപുണ്ടായിരുന്ന ഗ്രാമീണ ഡിസ്പെൻസറി കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിനാവശ്യമായ കെട്ടിടം പണിയുവാൻ കൂടുതൽ സ്ഥലം പൊന്നുംവിലയ്ക്കെടുക്കേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുകയും, സാമ്പത്തികനില മെച്ചപ്പെടുകയും ചെയ്യുന്നതനുസരിച്ച് കെട്ടിട നിർമ്മാണക്കാര്യം പരിഗണിക്കുന്നതാണ്.

കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പുതിയ കെട്ടിടം

351 [383] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള പുതിയ കെട്ടിടം ഉൽഘാടനം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അടിയന്തിരമായി ഇവിടെ ചികിൽസാ പ്രവർത്തനം ആരംഭിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് പുതിയ കെട്ടിടത്തിന്റെ പണികളെല്ലാം തീർത്ത് ആരോഗ്യവകുപ്പിനെ ഏൽപ്പിച്ചിട്ടില്ല.

(ബി) കെട്ടിടം വിട്ടുകിട്ടുന്നമുറയ്ക്ക് ചികിൽസാ പ്രവർത്തനം ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly